മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ**
**പൊയ്ത്തുംകടവ്**
നിങ്ങളുമായി
സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം



### മഴപെയ്യുമ്പോൾ സന്തോഷം തോന്നുന്നു

*മഴ കാണാൻ നല്ല ഭംഗിയാണ്. മഴ പെയ്യുന്ന നേരം ഉള്ളിൽ എവിടെ നിന്നൊക്കെയോ സന്തോഷം വരും. അതെന്താ ശിഹാബ്ക്കാ മഴപെയ്യുമ്പോൾ അങ്ങനെ?*

**രിഫാന പി. ടി, ക്ലാസ് 6, പത്തനംതിട്ട**

രിഫാന പറയുന്നത് വളരെ ശരിയാണ്. മഴ ദൈവം നമുക്ക് നേരിട്ട് നൽകുന്ന അനുഗ്രഹമാണ്. എത്രയോ കവിതകളും കഥകളും സിനിമകളും സംഗീതശിൽപങ്ങളും മനുഷ്യർ ഉണ്ടാക്കിയിട്ടുണ്ട്. സംഗീതത്തിലാണെങ്കിൽ മഴയുടെ വകഭേദങ്ങളെ ആധാരമാക്കി രാഗങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മഴ നമ്മുടെ ജീവിതത്തിന്റെ എല്ലാമാണ്. ഓക്സിജനും വെള്ളവുമില്ലെങ്കിൽ നമ്മളാരും ഇല്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ആ മഴയെ ബുദ്ധിയില്ലാത്ത മനുഷ്യർ ഒരു ശാപമാക്കുന്നതും നാം കാണുന്നു. കഴിഞ്ഞ വർഷം ഉണ്ടായ പ്രളയം രിഫാന ഓർക്കുന്നുണ്ടാകുമല്ലോ. നാം തോടും വയലും പുഴയുമൊക്കെ മണ്ണിട്ട് മൂടി മഴയെ ഉപദ്രവിക്കുന്നതിന്റെ ഫലമാണിതൊക്കെ. അനുഗ്രഹങ്ങളെ നാം വിവരക്കേട് കൊണ്ട് ശാപമാക്കി മാറ്റുന്നു.

കോരിച്ചൊരിയുന്ന മഴയുടെ ശബ്ദം കേട്ടുറങ്ങാൻ എന്തൊരു രസമാണ്, അല്ലേ? അപ്പോൾ ചോരുന്ന മേൽക്കൂരയ്ക്ക് താഴെ മഴയുറ്റി നേരം വെളുപ്പിക്കാൻ പാടുപെടുന്ന ഒരു സമൂഹമുണ്ടെന്നതും നാം ഓർക്കണം.

### അക്രമവാസന ഇങ്ങനെ വളരുന്നതെന്താ?

*എല്ലാവർക്കും ഇഷ്ടം സ്വസ്ഥമായും സന്തോഷത്തോടെയും ജീവിക്കാനല്ലേ. പിന്നെന്താ യൂണിവേഴ്സിറ്റികളിലൊക്കെ വിദ്യാർഥികൾ ആയുധവുമായി വരുന്നതും കൂടെ പഠിക്കുന്നവരെ കുത്തുന്നതും എന്തുകൊണ്ടാണ്? ശിഹാബ്ക്കാ വിദ്യാർത്ഥികളിൽ പോലും ഇങ്ങനെ അക്രമവാസന വളരുന്നത്?*

**അംജദ്, ക്ലാസ് 10, തിരുവനന്തപുരം**

വളരെ പ്രസക്തമായ ഒരു പ്രധാന ചോദ്യം തന്നെയാണ് അംജദ് ചോദിച്ചത്. ബഹുഭൂരിഭാഗം മലയാളിയും അംജദിനെ പോലെ സ്വയം ചോദിക്കുന്നുണ്ട്, ഈ ചോദ്യം.

നിർഭാഗ്യമെന്നു പറയട്ടെ ചിലർക്കെങ്കിലും സ്നേഹത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ വലിയ ഇഷ്ടമല്ല. എന്തു കഷ്ടമാണിത്!

കലാലയങ്ങൾ ദേവാലയം പോലെ വിശുദ്ധമായ ഒരു സ്ഥലമാണ്. വിദ്യാഭ്യാസം നമ്മളെ നന്നാവാനും സംസ്കരിക്കാനുമുള്ളതാണ്. അധ്യാപകരെയും അറിവിനെയും ബഹുമാനിക്കാത്തവർക്ക് നല്ല മനുഷ്യരാവാൻ കഴിയില്ല. നല്ല വ്യക്തിത്വമുള്ള അധ്യാപകർ അല്ലെങ്കിൽ അത് നിർഭാഗ്യകരവുമാണ്.

ആഴത്തിലുള്ള രാഷ്ട്രീയ ബോധമാണ് കലാലയത്തിൽ വേണ്ടത്. അല്ലാതെ സഹപാഠിയുടെ നെഞ്ചിൽ ആഴത്തിൽ കുത്തുന്ന കഠാരയല്ല വേണ്ടത്.

കലാലയങ്ങൾ സംസ്കാരത്തിന്റെ പാഠശാ

▸▸ **ലോക വനവിസ്തൃതിയിൽ ഇന്ത്യയിലെ വനം 2.4 ശതമാനമാണ്.**

ലയാവണം. അല്ലാതെ ഗുണ്ടായിസത്തിന്റെ പാഠശാലയാവരുത്.

രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ മക്കളെ സമരമില്ലാത്ത വിദ്യാലയങ്ങളിൽ പഠിപ്പിക്കുകയും അന്യരുടെ മക്കളെ സമരവും കത്തിക്കുത്തുമുള്ള കോളജിൽ അയക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നത് ദുഷ്ടതയാണ്.

നല്ല കലാലയാന്തരീക്ഷത്തിനായി നാം ഉണർന്ന് ചിന്തിക്കേണ്ടതുണ്ട്.

### എനിക്കെന്താ മാർക്ക് കിട്ടാത്തത്?

*എനിക്ക് നന്നായി പഠിക്കണം എന്നും ക്ലാസിൽ നല്ല മാർക്ക് വാങ്ങിക്കണം എന്നെല്ലാം ആഗ്രഹമുണ്ട്. കുറേ സമയം ഞാൻ പഠിക്കാനായി ഇരിക്കാറും ഉണ്ട്. എന്നാൽ പരീക്ഷയിൽ വിചാരിച്ചത്ര മാർക്ക് കിട്ടുന്നില്ല. കുറച്ച് നിർദേശങ്ങൾ തരാമോ ശിഹാബ്ക്കാ?*

**രാഗേഷ് പി.എം, ക്ലാസ് 9, ഈശ്വരമംഗലം**

പരീക്ഷയിൽ മാർക്ക് കിട്ടാനുള്ള പൊടിവിദ്യകളൊന്നും ശിഹാബ്ക്കാക്ക് അറിയില്ലല്ലോ, രാഗേഷേ. അത് വിദ്യാഭ്യാസ വിദഗ്ധർക്കാവും പറയാനാവുക.

എങ്കിലും അത്യാവശ്യം മനസ്സിലാക്കിയത് പറയാം.

പഠിക്കുന്ന വിഷയത്തെപ്പറ്റി ടെക്സ്റ്റ് ബുക്ക് കൈയിലെടുക്കും മുമ്പ് പൊതുവായി ഒന്ന് മനസ്സിലാക്കണം. പഠിക്കുന്ന വിഷയത്തോട് താൽപര്യവും ഇഷ്ടവും ഉണ്ടാക്കാൻ അത് സഹായിച്ചേക്കാം.

ഓരോ വിഷയം പഠിക്കുമ്പോഴും അതിനൊരു വിഷയ ക്രമീകരണം നമ്മൾ തന്നെ തയ്യാറാക്കുന്നത് നല്ലതാണ്. മാർക്ക് നേടുക എന്നത് മാത്രമല്ല പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം. പക്ഷേ, മാർക്ക് പ്രധാനമാണ്. നമ്മുടെ ഓർമ്മശക്തി ബുദ്ധിയുടെ ഒരു അടയാളം തന്നെ.

പഠനത്തിൽ കൃത്യനിഷ്ഠ പാലിക്കുക. അന്നന്ന് പഠിപ്പിക്കുന്ന കാര്യങ്ങൾ വീട്ടിൽ വന്ന് വായിച്ച് നോക്കുക. മനസ്സിലാവാത്തത് പ്രത്യേകം നോട്ട് ചെയ്ത് അധ്യാപകരോടോ അറിവുള്ളവരോടോ ചോദിച്ച് മനസ്സിലാക്കാൻ മടിക്കാതിരിക്കുക.

ഓരോ അറിവിനെയും ബഹുമാനിക്കാൻ ശീലിക്കുക. പഠിച്ചതിൽ നിന്നും നാം ഏറെ മുന്നോട്ട് പോവുക.

പരീക്ഷക്ക് മാർക്ക് കിട്ടുന്ന തരം ശാസ്ത്രീയ പഠന രീതികളുണ്ട്. അത് നിങ്ങൾ നിങ്ങളുടെ ബുദ്ധികൊണ്ട് ഒരു ക്രമീകരണം ഉണ്ടാക്കുകയോ അറിവുള്ളവരോട് ചോദിച്ച് മനസ്സിലാക്കുകയോ ചെയ്യുക.

### ടിക്ടോക്കിനെ പറ്റി എന്താ അഭിപ്രായം?

*എന്റെ ഇക്ക നന്നായി അഭിനയിക്കും. ടിക്ടോക്കിൽ കുറച്ച് സ്കിറ്റുകളൊക്കെ പോസ്റ്റ് ചെയ്തിട്ടുണ്ട്. നല്ല കമന്റ്സ് കിട്ടാറുണ്ട്. ടിക്ടോക്കിനെ കുറിച്ച് ശിഹാബ്ക്കാടെ അഭിപ്രായമെന്താണ്?*

**ജാഷിർ, ക്ലാസ് 8, ചാവക്കാട്**

നമ്മളിൽ പലർക്കും പലവിധ കഴിവുകളുണ്ട്. അത് വികസിപ്പിക്കാനായി ടിക്ടോക്കിനെ ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. വ്യക്തിപരമായ ആക്ഷേപങ്ങളിൽ നിന്ന് ദൂരം പാലിക്കുകയും വേണം. ഏറ്റവും മാന്യമായിരിക്കേണ്ടത് കലാരൂപങ്ങളാണ്.

◆



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സ്ആപ് നമ്പറിലും അയക്കാം.

▸▸ ചിപ്കോ പ്രസ്ഥാനത്തെ ലോകശ്രദ്ധയിലെത്തിച്ച നേതാവ്– സുന്ദർലാൽ ബഹുഗുണ